# പതിനാലാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1429** **13.07.2016**-ൽ മറുപടിക്ക്

## പൊള്ളൽ ചികിൽസയ്ക്കുള്ള ദേശീയ ആരോഗ്യ പദ്ധതി

**ചോദ്യം** **മറുപടി**

**ശ്രീ. എം.ഉമ്മർ**

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**

(ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പൊള്ളലിൽ ചികിൽസയ്ക്കുള്ള ദേശീയ ആരോഗ്യ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരുക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | പൊള്ളലിൽ ചികിൽസയ്ക്കുള്ള ദേശീയ ആരോഗ്യ പദ്ധതിയായ 'National Programme for Prevention and Management of Burn Injuries' സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ച് മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നതിനുള്ള അപേക്ഷ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ മെഡിക്കൽ കോളേജുകളിൽ പൊള്ളൽ ചികിൽസയ്ക്കുള്ള അപര്യാപ്തതകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (ബി) | പൊള്ളൽ ചികിൽസയ്ക്കുള്ള അപര്യാപ്തത സംബന്ധിച്ച പഠനം നടത്തിയിട്ടില്ല. |
| (സി) | ബേൺസ് യൂണിറ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ അത് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | തിരുവനന്തപുരം, കോഴിക്കോട് എന്നീ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ബേൺസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ബേൺസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആലപ്പുഴ, കോട്ടയം എന്നീ മെഡിക്കൽ കോളേജുകളിൽ ബേൺസ് യൂണിറ്റിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**